# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 10 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com

---

## ശബരിമലയിൽ തിരക്കേറുന്നു; മികച്ച സൗകര്യങ്ങളിൽ സംതൃപ്തരായി ഭക്തർ

’40 വർഷമായി ഞാൻ ശബരിമലയിൽ ദർശനത്തിനെത്തുന്നു. ഇക്കാലത്തിനിടയിൽ ഏറ്റവും സുഖപ്രദമായി ദർശനം നടത്താൻ കഴിഞ്ഞത് ഈ വർഷമാണ്’. തൃശൂർ സ്വദേശിയായ പ്രേമാനന്ദ ഷേണായിയുടെ വാക്കുകളിലു ്, ശബരിമലയിൽ സർക്കാരും ദേവസ്വം ബോർഡും ഒരുക്കിയ ക്രമീകരണങ്ങളിൽ എത്രത്തോളം സംതൃപ്തരാണ് ഇദ്ദേഹത്തെ പോലുള്ള ആയിരക്കണക്കിന് ഭക്തരെന്നുള്ളത്. ’ഇങ്കെ എല്ലാം സൂപ്പറായിറുക്ക്. എങ്കെയും ഒരു പ്രച്നവും ഇറുക്കാത്’- തമിഴ്നാട് സേലം സ്വദേശി ശിവയുടെ വാക്കുകൾ ഇതരസംസ്ഥാന സ്വാമിമാരും ക്രമീകരണങ്ങളിൽ സന്തോഷവാന്മാരാണെന്നുള്ള സാക്ഷ്യപ്പെടുത്തലാണ്.

4,75,217 പേരാണ് മണ്ഡല, മകര വിളക്ക് തീർഥാടനത്തിനായി നട തുറന്ന ശേഷം വ്യാഴാഴ്ച വരെ ശബരിമലയിലെത്തിയത്. വ്യാഴാഴ്ചയാണ് (9.12.2021) ഏറ്റവും കൂടുതൽ ഭക്തർ മല ചവിട്ടിയത്. 36,279 പേർ. എട്ടാം തീയതി വരെ 5,65,102 പേരാണ് ഓൺലൈൻ ബുക്കിംഗ് ചെയ്തിരുന്നത്. ഇതിൽ 4,31,771

പേര്‍ ദര്‍ശനത്തിനെത്തി. വെര്‍ച്ചല്‍ ക്യൂ വഴി ബുക്കിംഗ് ലഭിക്കാത്തവര്‍ക്കായി നവംബര്‍ 19 മുതല്‍ തന്നെ സ്‌പോട്ട് ബുക്കിംഗ് സൗകര്യവും ഏര്‍പ്പെടുത്തിയിരുന്നു. 7,167 പേരാണ് ഈ സൗകര്യം ഉപയോഗപ്പെടുത്തിയത്. നിലയ്ക്കലെ നാല് കൗ റുകളിലും വിവിധ ക്ഷേത്രങ്ങളിലുമായി സ്‌പോട്ട് ബുക്കിംഗ് സൗകര്യം ഏര്‍പ്പെടുത്തിയിട്ടു ്.

മല കയറിയെത്തുന്ന അയ്യപ്പ ഭക്തര്‍ കാത്തിരുന്ന് മുഷിയാതെ പുലര്‍ച്ചെ നാലുമണിക്ക് തന്നെ ദര്‍ശനത്തിന് അനുവാദം നല്‍കിയിട്ടു ്. നേരത്തെ ഗണപതി ഹോമത്തിന് ശേഷം 4.45-ഓടെയായിരുന്നു ദര്‍ശനം അനുവദിച്ചിരുന്നത്. രാവിലെ ആറ് മണി മുതല്‍ രാത്രിയില്‍ ഹരിവരാസനം കഴിഞ്ഞ് ഏറ്റവും അവസാനം ഇറങ്ങുന്ന ഭക്തന് വരെ അന്നദാനം ഉറപ്പാക്കുന്നു ്. രാവിലെ ഏഴ് മണിക്ക് തുടങ്ങുന്ന അന്നദാനം ആറ് മണിയിലേക്ക് മാറ്റിയപ്പോള്‍ ഹാളില്‍ തിരക്ക് നിയന്ത്രിക്കാനും ഭക്തര്‍ക്ക് സൗകര്യപ്രദമായി കഴിക്കുന്നതിനുമുള്ള സൗകര്യമാണ് കൈവന്നത്.

പ്രധാന വഴിപാടുകളിലൊന്നായ നെയ്യഭിഷേകം ഭക്തര്‍ക്ക് നേരിട്ട് നടത്താന്‍ കഴിയാത്ത സാഹചര്യത്തില്‍ നെയ്യ് സ്വീകരിക്കുന്നതിനും തിരിച്ചു നല്‍കാനുമായി ര ു വീതം കൗ റുകള്‍ പ്രവര്‍ത്തിക്കുന്നു ്. ഒന്നു മാത്രമു ായിരുന്ന നെയ്യ് തിരിച്ചു കൊടുക്കുന്ന കൗ ര്‍ ര ായി വര്‍ധിപ്പിച്ചതാണ്. തിരക്ക് വര്‍ധിക്കുന്നതിന് അനുസരിച്ച് പ്രസാദ വിതരണം മുടക്കം കൂടാതെ നടത്തുന്നതിനും ക്രമീകരണമൊരുക്കി. അപ്പം-അരവണ കൗ ര്‍ അഞ്ചെണ്ണമു ായിരുന്നത് എട്ടായി വര്‍ധിപ്പിച്ചിരുന്നു. ഇത് ശനിയാഴ്ച മുതല്‍ 10 ആയി വര്‍ധിപ്പിക്കുമെന്ന് തിരുവിതാംകൂര്‍ ദേവസ്വം ബോര്‍ഡ് എക്‌സിക്യൂട്ടിവ് ഓഫീസര്‍ വി. കൃഷ്ണകുമാര വാര്യര്‍ പറഞ്ഞു.

മല കയറിയെത്തുന്നവര്‍ക്ക് നടപന്തലിലും മുഴുവന്‍ സമയവും ചുക്കുവെള്ളം നല്‍കുന്നു ്. ഫ്‌ളൈഓവര്‍ കയറി വരുന്നവര്‍ക്ക് വെള്ളം നല്‍കുന്നതിന് തിരുമറ്റത്തും സൗകര്യമേര്‍പ്പെടുത്തി. ദര്‍ശനത്തിന് ശേഷം വിരിവച്ച് വിശ്രമിക്കാന്‍ മാളികപ്പുറം ഫ്‌ളൈഓവര്‍, അന്നദാന മണ്ഡപത്തിന് സമീപം, ലോവര്‍ തിരുമുറ്റം, പാ ിത്താവളത്തിന് സമീപം തുടങ്ങിയ ഇടങ്ങളില്‍ അനുമതി നല്‍കിയിട്ടു ്. ആരെയും നിര്‍ബന്ധിച്ച് തിരിച്ചയയ്ക്കുന്നില്ല. തുടര്‍ച്ചയായ അനൗണ്‍സ്‌മെന്റിലൂടെ കോവിഡ് മാനദണ്ഡങ്ങളും സന്നിധാനത്ത് പാലിക്കേ ശുചിത്വത്തെയും മറ്റ് കാര്യങ്ങളെയും കുറിച്ച് ബോധവല്‍ക്കരണം നല്‍കുന്നു ്.

ശബരിമല സാനിറ്റേഷന്‍ സൊസൈറ്റിയുടെ കീഴിലുള്ള വിശുദ്ധി സേനാംഗങ്ങളുടെയും പുണ്യം പൂങ്കാവനം പദ്ധതിയുടെയും വിവിധ വകുപ്പുകളുടെയും അയ്യപ്പസേവാസംഘം ഉള്‍പ്പെടെ വിവിധ സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തില്‍ എല്ലാ ദിവസവും നടത്തുന്ന ശുചീകരണ പ്രവര്‍ത്തനങ്ങള്‍ സന്നിധാനത്തെ മാലിന്യ മുക്തമായി നിലനിര്‍ത്തുന്നു. ഭക്തര്‍ക്ക് ഉപയോഗിക്കുന്നതിനായി 429 ശുചിമുറികളാണ് സന്നിധാനത്ത് പ്രവര്‍ത്തനക്ഷമമായുള്ളത്. സന്നിധാനത്ത് വിരിവയ്ക്കാനുള്ള തീരുമാനമു ാകുന്ന പക്ഷം ഉപയോഗിക്കാനായി 500

മുറികൾ സജ്ജമാണെന്നും ഇതിലൂടെ 2000-ത്തിലധികം പേർക്ക് വിരിവയ്ക്കാൻ സൗകര്യമു ാകുമെന്നും ദേവസ്വം എക്സിക്യൂട്ടിവ് ഓഫീസർ പറഞ്ഞു.

പോലീസ് സ്പെഷൽ ഓഫീസർ ആർ. ആനന്ദിന്റെ കീഴിൽ ശബരിമല സന്നിധാനത്ത് 450 പോലീസുകാരാണ് വിവിധ മേഖലകളിലായി ജോലി ചെയ്യുന്നത്. ഇതിൽ 250 പേരെയാണ് തിരക്ക് നിയന്ത്രിക്കുന്നതിന് മാത്രമായി നിയോഗിച്ചിരിക്കുന്നത്. ആരോഗ്യ രംഗത്തും മികച്ച സേവനമാണ് ഭക്തർക്ക് ലഭിക്കുന്നത്. ഗവ അലോപ്പതി ആശുപത്രിയിൽ 11 ഡോക്ടർമാരും 20 പാരാമെഡിക്കൽ ജീവനക്കാരുമാണ് സന്നിധാനത്ത് സേവനത്തിലുള്ളത്. അഞ്ച് ഡോക്ടർമാരടക്കം 14 പേർ ഗവ ആയുർവേദ ആശുപത്രിയിലും ഗവ ഹോമിയോ ആശുപത്രിയിൽ ര ് ഡോക്ടർമാരടക്കം ആറു പേരുമാണ് ഭക്തരുടെ ആരോഗ്യ സംരക്ഷണത്തിനായുള്ളത്. നട തുറന്ന ശേഷം അലോപ്പതി ആശുപത്രിയിൽ 7,751 പേരും ആയുർവേദ ആശുപത്രിയിൽ 6000-ത്തോളം പേരും ഹോമിയോപ്പതി ആശുപത്രിയിൽ 1000 പേരും ചികിത്സ തേടി.

നീലിമല-അപ്പാച്ചിമേട് വഴിയുള്ള പരമ്പരാഗത പാത തുറക്കുന്ന സാഹചര്യമു ായാൽ ഭക്തരെ പ്രവേശിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങളും പൂർത്തിയാക്കിയിട്ടു ്. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ്, പോലീസ്, റവന്യു, കെഎസ്ഇബി, ജലവിഭവ വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഒരുക്കങ്ങൾ നടത്തിയത്. ശുചിമുറികൾ വൃത്തിയാക്കി. എമർജൻസി മെഡിക്കൽ സെന്റർ, കുടിവെള്ളം, വഴിയോര ലൈറ്റുകൾ തുടങ്ങിയ സൗകര്യങ്ങളും സജ്ജമാക്കിയിട്ടു ്.

**ഫോട്ടോ അടിക്കുറിപ്പ്-**

1. വാവരു നടയ്ക്ക് സമീപം വിരിവച്ചു വിശ്രമിക്കുന്ന അയ്യപ്പഭക്തർ
2. അന്നദാന മണ്ഡപത്തിൽ ഉച്ചഭക്ഷണം കഴിക്കുന്ന സ്വാമിമാർ

**(പി.ആർ. ശബരി-123)**

# പ്ലാസ്റ്റിക്ക് മുക്തമാക്കി സംരക്ഷിക്കണമെന്ന് അഭ്യർഥന; ഗിരീഷ് മുരളിയുടെ ഗാനാർച്ചന ശ്രദ്ധേയമായി

ശബരിമലയിലെ പുണ്യം പൂങ്കാവനം പ്രവർത്തകനായ ഗിരീഷ് മുരളി സന്നിധാനം വലിയ നടപ്പന്തൽ ഓഡിറ്റോറിയത്തിൽ ഗാനാർച്ചന നടത്തി. പഴയ അയ്യപ്പഭക്തിഗാനങ്ങളാണ് ഗിരീഷ് മുരളി ആലപിച്ചത്. മലയാളം, തമിഴ്, തെലുങ്ക് ഗാനങ്ങളാണ് പാടിയത്.

പുണ്യം പൂങ്കാവനം പ്രവർത്തകൻ കൂടിയായതിനാൽ ശബരിമലയെ പ്ലാസ്റ്റിക്ക് മുക്തമാക്കി സംരക്ഷിക്കണമെന്നും ഗിരീഷ് മുരളി ഗാനാർച്ചനയ്ക്കിടയ്ക്ക് ഭക്തരോട് അഭ്യർഥിച്ചു. മാലിന്യ മുക്തമായ നാടാണ് നമ്മുടെ ലക്ഷ്യമെന്നും അതിനായി എല്ലാവരുടെയും പിന്തുണയും

സഹകരണവും ഉ    ാകണമെന്നും അദ്ദേഹം പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്-**
സന്നിധാനം വലിയ നടപ്പന്തലിൽ ഗിരീഷ് മുരളി നടത്തിയ ഗാനാർച്ചന.

**(പി.ആർ. ശബരി-124)**

